ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014-ൽ മാവേലിക്കരയിൽ കമ്മ്യൂണൽ ആക്രമണങ്ങൾ ഉണ്ടായിട്ടില്ല.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങൾ

248 (2121) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 9 മാസത്തിനിടെ സ്ത്രീകളും കുട്ടികളുമടക്കം 1531 പേർ ബലാത്സംഗത്തിനിരയായി എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത കേസുകളിൽ എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും, എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തുവെന്നും വ്യക്തമാക്കുമോ ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയാൻ ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ;

(സി) പീഡനത്തിനിരയാകുന്നവരുടെ മൊഴികളുടെ അടിസ്ഥാനത്തിൽ കേസന്വേഷിക്കുന്നതിനും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും പോലീസ് വിമുഖത കാണിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞ 9 മാസത്തിനിടെ സ്ത്രീകളെയും കുട്ടികളെയും ബലാത്സംഗം ചെയ്തതുമായി ബന്ധപ്പെട്ട് 1531 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ 9 മാസത്തിനിടെ കേരളത്തിൽ 981 ബലാത്സംഗ കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് (Total Rape Cases-981 including children rape cases) ഇതിൽ 550 കേസുകൾ കുട്ടികൾ ഇരകളായ ബലാത്സംഗ കേസുകളാണ്. പ്രസ്തുത കേസുകളിൽ 1089 പേരെ അറസ്റ്റ് ചെയ്യുകയും 981 എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗീകാതിക്രമങ്ങൾ തടയുന്നതിനായി ജില്ലകളിൽ വനിതാ പോലീസ് സ്റ്റേഷനുകളും, വനിതാ സെല്ലും, വനിതാ ഹെൽപ്പ് ലൈനും പ്രവർത്തിച്ചു വരുന്നു. കൂടാതെ ജനമൈത്രീ പോലീസിന്റെയും സ്റ്റുഡൻറ് പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെയും, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെയും, ചൈൽഡ് ലൈൻ പ്രവർത്തകരുടെയും, സാമൂഹ്യനീതി വകുപ്പിന്റെയും, പഞ്ചായത്ത് ജനകീയ സമിതിയുടെയും സഹകരണത്തോടുകൂടി ബോധവൽക്കരണം നടത്തിയും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചും വരുന്നു.

(സി) പീഡനത്തിനിരയാകുന്നവരുടെ മൊഴികളുടെ അടിസ്ഥാനത്തിൽ കേസന്വേഷിക്കുന്നതിനും, പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും പോലീസ് വിമുഖത കാണിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly